അനുബന്ധം 3

22-2-2016-ലെ ചോദ്യോത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അയൽ സഭകൾ

1 (*271) ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സഭകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്രയെണ്ണം ഉണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഭകളുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) തീരുമാനിച്ചിട്ടുണ്ട്. അയൽ സഭകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് 25-6-2014-ലെ സ.ഉ. (എംഎസ്.) നം. 112/2014/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 15962 വാർഡുകളുള്ളതിൽ 12409 വാർഡുകളിൽ നിലവിൽ അയൽ സഭകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഗ്രാമസഭയുടെ/വാർഡുസഭയുടെ ഘടകങ്ങൾ എന്ന നിലയ്ക്ക് പ്രവർത്തിക്കുന്ന അയൽ സഭകൾക്ക് ഗ്രാമസഭകളെയും വാർഡുസഭകളെയും ശക്തിപ്പെടുത്തുന്നതിന് സാധിക്കും. ഗ്രാമസഭകൾ/വാർഡുസഭകൾ എടുക്കുന്ന തീരുമാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് അയൽസഭകളുടെയും വാർഡു വികസന സഭകളുടെയും പ്രവർത്തനം ഏറെ സഹായകരമാകും. തങ്ങളുടെ പ്രദേശത്ത് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും നിർദ്ദേശങ്ങൾ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന ഗ്രാമസഭകൾക്ക് ആവശ്യമായ വിഭവസമാഹരണത്തിന് സഹായിക്കുക, കുടുംബ/

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകളിൽ അർഹരായ ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് സഹായിക്കുക, പൊതു ആസ്തികൾ സംരക്ഷിക്കുക, സാമൂഹ്യ തിന്മകൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക, അയൽസഭാ പ്രദേശത്തെ ശുചിത്വ പരിപാലന പ്രവർത്തനങ്ങളെ ക്കുറിച്ച് കുടുംബാംഗങ്ങളെ ബോധവാന്മാരാക്കി ശുചിത്വ പാലനം ഉറപ്പാക്കുക, വാർഡുപ്രദേശത്ത് നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ, വയൽ-തണ്ണീർത്തടങ്ങൾ നികത്തൽ, കുന്നുകൾ ഇടിച്ച് നിരപ്പാക്കൽ, അനധികൃത ഖനനം, മലിനീകരണം, പരിസ്ഥിതി ആഘാത പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിയുള്ളവർക്കുമെതിരെയുള്ള അതിക്രമങ്ങൾ എന്നിവ അധികാരി കളുടെ ശ്രദ്ധയിൽപ്പെടുത്തുക, അവ തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പാർശ്വവൽക്കരിക്കപ്പെടുന്നവരോ, പ്രയാസമനുഭവിക്കുന്നവരോ ആയ കുടുംബങ്ങളെ കണ്ടെത്തി അവരെ മുഖ്യധാരയിലേയ്ക്ക് ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് അയൽ സഭകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ.

(സി) അയൽസഭകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി അയൽ സഭയ്ക്ക് ഒരു ചെയർമാനും ഒരു കൺവീനറും ഉണ്ടായിരിക്കണം. 11 അംഗങ്ങളുള്ള ഒരു നിർവ്വാഹക സമിതിയെ അയൽ സഭയിൽ നിന്നും തെരഞ്ഞെടുക്കണം. അയൽ സഭകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഗ്രാമസഭയിൽ/ വാർഡുസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദഗ്ധരും ഉൾപ്പെടുന്നതാണ് വാർഡ് വികസന സമിതി. വാർഡിലെ അയൽസഭകളുടെ കാര്യക്ഷമമായ പ്രവർത്തനം വാർഡ് വികസന സമിതിയുടെയും അദ്ധ്യക്ഷനായ വാർഡ് മെമ്പറുടെയും മേൽനോട്ടത്തിൽ ആയിരിക്കും.

റബ്ബർ കൃഷി

2 (*272) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. ബി. അബ്ദുൾ റസാക്ക്:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിനെ സമ്പൂർണ്ണ കാർഷിക വിളയായി പരിഗിക്കണമെന്ന പാർലമെന്ററി സമിതിയുടെ ശിപാർശ, സംസ്ഥാനത്തിന്റെ കാർഷിക മേഖലയ്ക്ക് എത്രത്തോളം ഗുണകരമാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) റബ്ബർ കൃഷിയിടങ്ങളിലെ ഇടവിളകൾ സംബന്ധിച്ച സാധ്യതകൾ കൃഷി വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?